(ബി) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം നാർക്കോട്ടിക് ഡ്രഗ്സ് & സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ടനുസരിച്ച് എത്ര കേസുകൾ പിടിച്ചിട്ടുണ്ട് ;

(സി) ഇത്തരം കേസുകളിൽ പിടിച്ചെടുക്കുന്ന തൊണ്ടി വസ്തുക്കൾ എന്ത് ചെയ്യുകയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മയക്കുമരുന്ന് ഉപയോഗത്തിൽ നേരിയ വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 971 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) തൊണ്ടി വസ്തുക്കൾ ബഹുമാനപ്പെട്ട കോടതി മുൻപാകെ യഥാ സമയം റിപ്പോർട്ട് സഹിതം ഏൽപ്പിച്ചിട്ടുണ്ട്. ആയത് കോടതി മുദ്രപ്പടി സൂക്ഷിച്ചു വരുന്നു.

വാഹന ഫിനാൻസിംഗ് കമ്പനികളെ നിയന്ത്രിക്കാൻ നടപടി

52 (4487) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെഹിക്കിൾ ഫൈനാൻസിംഗ് കമ്പനിയെന്ന പേരിൽ പ്രവർത്തിക്കുന്നവർ നടത്തുന്ന ക്രമസമാധാന ധ്വംസനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇങ്ങനെയുള്ളവർക്കെതിരായി എന്തെങ്കിലും കേസ് എടുത്തിട്ടുണ്ടോ ;

(സി) എങ്കിൽ എത്ര പേർക്കെതിരെ ; ഏതെല്ലാം ജില്ലകളിൽ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവരെയാരെയെങ്കിലും മാതൃകാപരമായി ശിക്ഷയ്ക്ക് വിധേയരാക്കിയിട്ടുണ്ടോ ;

(ഇ) ഇവരെ നിയന്ത്രിക്കാൻ തക്കവണ്ണമുള്ള പുതിയ നിയമം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് 23 പേർക്കെതിരെ 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	കേസ്	പ്രതികളുടെ എണ്ണം
തിരുവനന്തപുരം	ഫോർട്ട് പി.എസ്. ക്രൈം 579/02	4
കൊല്ലം	കൊട്ടിയം പി.എസ്. ക്രൈം 300/01	10
കോട്ടയം	ഈരാറ്റുപേട്ട പി.എസ്. ക്രൈം 107/99	4
മലപ്പുറം	കൊണ്ടോട്ടി പി.എസ്. ക്രൈം 336/02	5

(ഡി) ഉണ്ട്. കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട പിഎസ് ക്രൈം 107/99-ലെ ഒന്നാം പ്രതിയെ ജീവപര്യന്തം തടവിനും രണ്ടുമുതൽ നാലുവരെ പ്രതികളെ കഠിന തടവിനും ബഹു. കോടതി ശിക്ഷിച്ചിട്ടുണ്ട്.

(ഇ) പരിശോധിക്കുന്നതാണ്.

സർട്ടിഫിക്കറ്റ് വെരിഫിക്കേഷനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി

53 (4488) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്ത് ജോലി ലഭിക്കുന്നതിന് സംസ്ഥാനത്ത് ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് ആഭ്യന്തര വകുപ്പിൽ നിന്നും വെരിഫിക്കേഷനുശേഷം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഒരു "സ്പെഷ്യൽ സെൽ" രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) യഥാസമയം സർട്ടിഫിക്കറ്റ് വെരിഫൈ ചെയ്തു ലഭിക്കാത്തതുമൂലം ഉദ്യോഗാർത്ഥികളിൽ പലരുടേയും വിസാ കാലാവധി തീർന്നുപോകുന്നത് നിമിത്തമുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് ഇത് പരിഹരിക്കുന്നതിന് പര്യാപ്തമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) പോലീസ് വകുപ്പിൽ കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly